പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2629 — 09.05.2017 ൽ മറുപടിയ്ക്ക്

## പുഷ്പകൃഷിക്ക് നൽകുന്ന പ്രോത്സാഹനം

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| കൃഷിവകുപ്പ് പുഷ്പകൃഷിക്ക് നൽകുന്ന സഹായങ്ങളും ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തിരം മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി പുഷ്പ കൃഷിയ്ക്ക് ധനസഹായം നൽകുന്നുണ്ട് പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം/ വിളവിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി കട്ട് ഫ്ളവറുകളുടെ കൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവായ 1 ലക്ഷം രൂപയുടെ 40 ശതമാനമായ 40,000/- രൂപയും, ലൂസ് ഫ്ളവർ കൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം പദ്ധതി ചെലവായ 40,000/- രൂപയുടെ 40 ശതമാനമായ 16000/- രൂപയും ധനസഹായം നൽകുന്നുണ്ട് ഒരു കർഷകന് പരമാവധി 2 ഹെക്ടർ വരെയാണ് ധനസഹായം നൽകുന്നത്.<br><br>കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുന്ന 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരളയുടെ വാർഷിക കർമ്മ പദ്ധതിയിൽ 161 ഹെക്ടറിൽ കട്ട് ഫ്ളവറും, 50 ഹെക്ടറിൽ ലൂസ് ഫ്ളവറും കൃഷി ചെയ്യുവാൻ ലക്ഷ്യമിടുന്നുണ്ട് |

സെക്ഷൻ ഓഫീസർ